ഉത്തരം

(എ) ഉണ്ട്.

(ബി) 8.25 ലക്ഷം രൂപ വില വരുന്നതാണ്.

(സി) ഈ കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കും.

സ്വയംതൊഴിൽ പദ്ധതിക്കുവേണ്ടി കേന്ദ്രം അനുവദിച്ച തുക

123 [686] ശ്രീ. കെ. സി. ജോസഫ്:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിൽ പദ്ധതിക്കുവേണ്ടി ഈ വർഷം സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റ് എന്ത് തുക അനുവദിച്ചിട്ടുണ്ട്;

(ബി) നിലവിൽ ഈ പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് എത്ര പേർക്ക് ലഭിക്കുന്നുണ്ട്;

(സി) സ്വയംതൊഴിൽ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് പ്രതിവർഷം എന്ത് തുകയ്ക്കുള്ള ഉൽപ്പാദനം നടക്കുന്നതായി കണക്കാക്കപ്പെടുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് മുഖേന കേന്ദ്രാവിഷ്കൃത സ്വയംതൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഈ വർഷത്തെ കേന്ദ്രവിഹിതം 1797.82 ലക്ഷം രൂപയാണ്. ഈ തുക പൂർണ്ണമായും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി ആരംഭിച്ച 1999-2000 സാമ്പത്തിക വർഷം മുതൽ ഇതുവരെ 170,537 പേർക്ക് സ്വയംതൊഴിൽ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

(സി) കണക്കാക്കിയിട്ടില്ല.

ബി.പി.എൽ., എ.പി.എൽ. നിർണ്ണയത്തിലെ അപാകതകൾ

124 [687] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ., എ.പി.എൽ. നിർണ്ണയത്തിൽ വ്യാപകമായ നിലയിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപാകതകൾ പരിഹരിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ബി.പി.എൽ., എ.പി.എൽ. ഇവ നിർണ്ണയിക്കുവാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബി.പി.എൽ. പട്ടിക നിർണ്ണയത്തിൽ സംഭവിച്ച അപാകതകൾ പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ദാരിദ്ര്യ രേഖാ സെൻസസ്സ് നടത്തുന്നുണ്ട്. ദാരിദ്ര്യ രേഖാ ലിസ്റ്റിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്താം പദ്ധതിക്കായുള്ള പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് ആധാരമാക്കേണ്ടത് കുടുംബങ്ങളുടെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന 13 സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കും പ്രകാരമാകുന്നു:

ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ദാരിദ്ര്യം നിർണ്ണയിക്കുന്നതിന് കുടുംബത്തിന്റെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0, 1, 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസ്സിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ട ആളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കിപോക്ക് അനുസരിച്ചുള്ള കണക്കോ (No. of persons as per the adjusted share computed by Planning Commission) അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്തുവേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ (Cut off scores) നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളും കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യരേഖാ ലിസ്റ്റ് മേൽ സൂചിപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതും എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം തയ്യാറാക്കുന്ന പത്താംപദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ ലിസ്റ്റിൽപ്പെടാതെ പോകുന്നതുമായ കുടുംബങ്ങളുടെ പട്ടിക കൂടി ഈ കുടുംബങ്ങളുടെ സ്കോറിൽ ക്രമത്തിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ സൂചിപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ ആധാരമാക്കി പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുമ്പോൾ നിലവിലുള്ള ദാരിദ്ര്യരേഖാ ലിസ്റ്റിലെ കുടുംബങ്ങളുടെ എണ്ണത്തേക്കാൾ ഗണ്യമായ കുറവ് സംഭവിക്കുന്നതാണ്. ഇതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ട് നിരന്തരമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ബി.പി.എൽ. ലിസ്റ്റ്

125 [688] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബി.പി.എൽ. ലിസ്റ്റ് പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എപ്രകാരമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 17.23 ലക്ഷം കുടുംബങ്ങളാണുള്ളത്.

(ബി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി 2003 മേയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തിയിരുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് ആധാരമാക്കേണ്ടത് കുടുംബങ്ങളുടെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന 13 സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ദാരിദ്ര്യം നിർണ്ണയിക്കുന്നതിന് കുടുംബത്തിന്റെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0, 1, 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസ്സിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ട ആളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കിപോക്ക് അനുസരിച്ചുള്ള കണക്കോ (No. of persons as per the \adjusted share computed by Planning Commission) അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്തുവേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly